(ബി) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുക്കുമ്പോൾ ഇത്രയും വാഹനങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി നമ്മുടെ റോഡുകൾക്കുണ്ടോ;

(സി) സംസ്ഥാനത്ത് തിരക്കുള്ള റോഡുകളിലൂടെ വാഹനം ഓടിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)

1.	ഭാരവാഹനങ്ങൾ	–	202,288
2.	ബസ്സുകൾ	–	88,454
3.	കാറുകൾ	–	359,449
4.	ടാക്സികൾ	–	92,957
5.	ജീപ്പുകൾ	–	71,253
6.	ഓട്ടോറിക്ഷകൾ	–	299,124
7.	ഇരുചക്രവാഹനങ്ങൾ	–	1,577,033
8.	മറ്റുള്ളവ	–	55,390

31-12-2003 വരെ ആകെ 2,745,948 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടെന്ന് കരുതുന്നില്ല.

(സി) നിലവിൽ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും ഇല്ല.

(ഡി) ബാധകമല്ല.

കാലപ്പഴക്കമുള്ള സ്വകാര്യ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ നടപടി

68 [503] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷം പഴക്കവും തുടർന്ന് സർവ്വീസ് നീട്ടിക്കിട്ടിയ സമയ പരിധിയും പൂർത്തിയാക്കിയ സ്വകാര്യ യാത്രാ ബസ്സുകൾ 2003 ജൂലൈ 31-ന് ശേഷം സർവ്വീസ് നടത്തരുതെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; 2/404/2012—18.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനെതിരെ ഏതെങ്കിലും അപ്പീൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള ഹൈക്കോടതി ഉത്തരവിനുശേഷവും 15 വർഷത്തിലധികം പഴക്കമുള്ളതും സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതുമായ പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ പേരിൽ എത്ര മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ 8862/03 നമ്പരായുള്ള അപ്പീൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ പേരിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുത്തിട്ടില്ല. ഇതു സംബന്ധിച്ചുള്ള പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ബസ് ചാർജ്ജ് വർദ്ധന

69 [504] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര തവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഈ ചാർജ്ജ് വർദ്ധനവിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly